**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**<u>അരൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പ്രവൃത്തികൾ</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1470 — 11-08-2017-ൽ മറുപടിക്ക്

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| **ശ്രീ. എ.എം. ആരിഫ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ ഫേസ് 5, 6, 7, 8 പ്രകാരം അരൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇവയിൽ ടെൻഡർ ചെയ്ത് കരാറുകാർ ഏറ്റെടുത്തിട്ട് മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; അവ പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | കരാറുകാർ ഏറ്റെടുത്തിട്ട് മുടങ്ങിക്കിടക്കുന്ന പ്രവൃത്തിയായ പള്ളിത്തോട് ചേറുങ്കൽ റോഡ് കോൺട്രാക്ടറുടെ മരണംമൂലം നിലവിലുള്ള കരാർ 07-05-2014-ൽ റദ്ദ് ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തി 2015-ൽ രണ്ട് തവണ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാർ ആരും തന്നെ ടെണ്ടർ സമർപ്പിച്ചിരുന്നില്ല |
| (സി) | എസ്റ്റിമേറ്റ് പുനഃക്രമീകരിക്കുന്നതിനായി റീ ടെൻഡർ ചെയ്യുന്നതിനോ അല്ലാത്തപക്ഷം ഫണ്ട് നഷ്ടപ്പെടാതിരിക്കാൻവേണ്ടി സാധ്യമാകുന്ന ഏതെങ്കിലും നടപടി സ്വീകരിക്കാനോ നിലവിൽ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (ഡി) | ഇക്കാര്യത്തിൽ എം.എൽ.എ.യെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല യോഗം ചേരുന്നതിന് മുൻകൈ എടുക്കുമോ ? | (ഡി) | നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

| ക്രമ നം. | ബ്ലോക്ക് | പാക്കേജ് നം. | റോഡിന്റെ പേര് | നീളം (കി.മീ.) | അടങ്കൽ തുക(ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|---|---|---|
| **ഫേസ് 5** | | | | | | |
| 1 | പട്ടണക്കാട് | കെ.ആർ.01.11 (എ) | പള്ളിത്തോട് ബീച്ച് പള്ളിത്തോട് മൂലേക്കളം | 2.390 | 69.56 | 31.05.2014 ൽ പണി പൂർത്തീകരിച്ചു |
| 2 | | കെ.ആർ.01.11 (ബി) | മേനാശ്ശേരി പാറയിൽ (സൗത്ത്) | 1.310 | 43.53 | 31.07.2013 ൽ പണി പൂർത്തീകരിച്ചു |
| 3 | | കെ.ആർ.01.11 (സി) | പള്ളിത്തോട് ചേറുങ്കൽ | 1.350 | 43.09 | മണ്ണ് ഫില്ലിംഗ് പണികൾ ഭാഗികമായി പൂർത്തീകരിച്ചു |
| **ഫേസ് 6** | | | | | | |
| 1 | പട്ടണക്കാട് | കെ.ആർ.01.15 (ബി) | മനക്കോടം റേഷൻ കട | 1.115 | 62.10 | 31.07.2013 ൽ പണി പൂർത്തീകരിച്ചു |
| **ഫേസ് 8** | | | | | | |
| 1 | പട്ടണക്കാട് | കെ.ആർ.01.48 | വള്ളംതറ ചാലുപുറത്ത് | 0.880 | 64.46 | 30.05.2016 ൽ പണി പൂർത്തീകരിച്ചു |
| 2 | തൈക്കാട്ടുശ്ശേരി | കെ.ആർ.01.41 | കളത്തിൽ ക്ഷേത്രം വെള്ളിമുറ്റം | 1.880 | 132.76 | 30.04.2017 ൽ പണി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ.